പോലീസ്  വകുപ്പ്
കേരളം

**No. B1-19623/2020/KAP-II**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-II,
പാലക്കാട്
✉cmdtkap2.pol@kerala.gov.in
✆04912555191
തീയതി. 23-09-2020

**പുനർലേലപരസ്യം**

മുട്ടിക്കുളങ്ങര കെ.എ.പി രണ്ടാം ബറ്റാലിയനിൽ അപകടഭീഷണിയായി നിൽക്കുന്ന താഴെ പറയുന്ന വൃക്ഷങ്ങൾ ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 30/10/2020 തിയതി കാലത്ത് 11.00 മണിക്ക് കെ.എ.പി രണ്ടാം ബറ്റാലിയൻ പോലീസ് ക്യാമ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്.

**മുറിക്കേണ്ട മരങ്ങൾ**

മാഞ്ചിയം - 2 എണ്ണം
യൂക്കാലി - 3 എണ്ണം

**നിബന്ധനകൾ**

1. ലേലത്തിൽ പങ്ക് കൊള്ളുവാൻ ആഗ്രഹിക്കുന്നവർ 3000/- (മൂവായിരം രൂപ മാത്രം) നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. കൂടാതെ ടിയാളുടെ തിരിച്ചറിയൽ രേഖകളും മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖകളും ലേലം തുടങ്ങുന്നതിനു മുൻപ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മതത്തോടുകൂടി പ്രവൃത്തി ദിവസങ്ങളിൽ ലേലം വിളിക്കപ്പെടുന്ന വൃക്ഷങ്ങൾ നേരിട്ടു കാണാവുന്നതാണ്.

3. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ, നിശ്ചിത നിരത ദ്രവ്യമായ തുക അടച്ചതിൻറെ demand draft മുട്ടികുളങ്ങര കെ.എ.പി 2 ബറ്റാലിയൻ കമാണ്ടൻറിൻറെ പേരിൽ 29/10/2020 തീയതി വൈകീട്ട് 4 മണി വരെ കെ.എ.പി 2 ബറ്റാലിയൻ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്.

4. ദർഘാസ് അടങ്ങിയ കവറിന് പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5. പരസ്യലേലം അവസാനിച്ചയുടൻ ദർഘാസുകൾ തുറക്കുന്നതും, പരസ്യലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽകലികമായി സ്ഥിരപ്പെടുത്തികൊടുക്കുന്നതുമാണ്.

6. ലേലം കൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ പകുതി സംഖ്യ ലേല ദിവസം തന്നെ ബറ്റാലിയൻ കാഷ്യർ വശം അടച്ച രശീതി കൈപ്പറ്റേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലത്തുകയുടെ ബാക്കിയും നിലവിലുള്ള ചരക്ക് സേവന നികുതിയും,(GST) Flood Cess, വന നികുതിയും (FDT) ബറ്റാലിയൻ കാഷ്യർ വശം അടച്ച് രസീതി വാങ്ങേണ്ടതാണ്.

7. ലേലത്തിൽ പങ്കുകൊള്ളുന്നവരുടെ നിരതദ്രവ്യം (ലേലം കൊണ്ടയാളുടെതൊഴികെ) ലേലം കഴിഞ്ഞയുടനെ തന്നെ തിരിച്ച് നൽകുന്നതാണ്.

8. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം മാറ്റിവെയ്ക്കാനും അസ്ഥിരപ്പെടുത്തുവാനുമുള്ള അധികാരം

കമാണ്ടൻറിനോ  അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കും.

9. ലേലം കൊണ്ടയാൾ  മേൽ പറഞ്ഞ നിബന്ധനകൾ  പാലിക്കാത്തപക്ഷം, പുനർലേലം നടത്തുന്നതിനും ആയതിനോടനുബന്ധിച്ച്  സർക്കാരിന് സംഭവിക്കാവുന്ന  നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

10. ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം  ബാക്കി തുക അടച്ച് സ്വന്തം ചെലവിൽ വകുപ്പിന്റെ മറ്റ് വസ്തുവകകൾക്ക്  കേടുപാടില്ലാതെ  മരങ്ങൾ മുറിച്ച് മാറ്റി കൊണ്ടുപോകേണ്ടതാണ്.



Manojkumar M A
കമാണ്ടൻറ് (ic)

| | | |
|---|---|---|
| സ്വീകർത്താവ് | : | തൃശ്ശൂർ സിറ്റി , റൂറൽ , മലപ്പുറം,പാലക്കാട് ജില്ലാ പോലീസ് മേധാവിമാർ , എം.എസ്.പി., ആർ.ആർ.ആർ.എഫ്., കെ.എ.പി ഒന്ന്, മൂന്ന്, നാലാം ദളം കമാണ്ടൻറുമാരുടെ അറിവിലേക്കും ആവശ്യമായ പ്രചരണത്തിനുമായി അയക്കുന്നു . |
| പകർപ്പ് | : | ഡെപ്യൂട്ടി കമാണ്ടൻറ്, അസിസ്റ്റൻറ് കമാണ്ടൻറ് (ക്യൂ എം), ഓഫീസർ കമാണ്ടിങ് (എച്ച്.ക്യൂ ) എസ് .ഐ (ക്യൂ..എം) എന്നിവരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. അസിസ്റ്റൻറ് കമാണ്ടൻറ് (ക്യൂ എം) ലേലപരസ്യം ജില്ലാ ഇൻഫർമേഷൻ ഓഫീസിലും, മറ്റ് സർക്കാർ ഓഫീസുകളിലും വ്യാപക പ്രചരണം നടത്തേണ്ടതാണ്. കെ.എ.പി രണ്ടാം ദളം കാഷ്യറുടെ അറിവിലേക്കായി. കമാണ്ടൻറിന്റെ സി.എ.യുടെ അറിവിലേക്കായി. |